ഉത്തരം

ഈ സർക്കാരിന്റെ കാലത്ത് അടച്ചു പൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

	കമ്പനിയുടെ പേര്	ജില്ല
(1)	ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ	തിരുവനന്തപുരം
(2)	കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്	കോഴിക്കോട്
(3)	കേരള സിറാമിക്സിന്റെ പോർസലൈൻ ഡിവിഷൻ	കൊല്ലം
(4)	മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്	കണ്ണൂർ
(5)	കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ്	ആലപ്പുഴ
(6)	മെട്രോപ്പോളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്	തിരുവനന്തപുരം
(7)	കെൽട്രോൺ റെക്റ്റിഫയേഴ്സ് ലിമിറ്റഡ്	തൃശ്ശൂർ
(8)	സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്	ആലപ്പുഴ
(9)	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, ഒലവക്കോട്	പാലക്കാട്

അടച്ചു പൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

101 [1281] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ വ്യവസായ യൂണിറ്റുകളുണ്ടെന്ന് ലിസ്റ്റ് സഹിതം വിശദീകരിക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ യൂണിറ്റുകളെ നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിയമാനുസൃതമുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിലേക്കായി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കഴിവതും സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പുനരുദ്ധരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(സി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൽ കൊണ്ടുവന്ന് അതു പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം

102 [1282] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; അവ ഏതെല്ലാം; അതിൽ ആകെ എത്ര ജീവനക്കാർ ഉണ്ട്; ഇവരുടെ തസ്തികകൾ തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഇവയിൽ പട്ടികജാതി- പട്ടികവർഗ്ഗക്കാർ എത്രയെന്ന് തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(സി) നിശ്ചിത ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി അവ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-2003-ലെ കണക്ക് അനുസരിച്ച് കേരളത്തിൽ 113 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. 2002-2003-ലെ റിവ്യൂ പ്രകാരം മൊത്തം 115,697 ജീവനക്കാരാണുള്ളത്. തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly